പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 587

12.06.2012-ലെ മറുപടിയ്ക്ക്

**മാവൂർ ഗ്വാളിയർ റയോൺസിന്റെ ഭൂമി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഗ്വാളിയർ റയോൺസിന് മാവൂരിൽ ഉണ്ടായിരുന്ന ഭൂമി എത്രയെന്നും പ്രസ്തുത ഭൂമി ഇപ്പോൾ ആരുടെ കൈവശമാണെന്നും വ്യക്തമാക്കാമോ;<br>(ബി) പ്രസ്തുത ഭൂമിയുടെ അവകാശം പൂർണമായും സർക്കാരിൽ നിക്ഷിപ്തമാണോ; | (എ) യും ബി) യും:- ഏകദേശം 246.33 ഏക്കർ ഗവൺമെന്റ് ഏറ്റെടുത്ത് നൽകിയ ഭൂമിയും 80.91ഏക്കർ കമ്പനി സ്വകാര്യ വ്യക്തികളിൽ നിന്ന് വാങ്ങിയ ഭൂമിയുമാണ് കമ്പനിയുടെ പ്രവർത്തനത്തിനായി ഉണ്ടായിരുന്നത്. കമ്പനി പ്രവർത്തനം നിലച്ച സാഹചര്യത്തിൽ ഗവൺമെന്റ് ഏറ്റെടുത്ത് നൽകിയ ഭൂമി തിരിച്ചെടുക്കുന്നതിന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിനെതിരെ കമ്പനി ഹൈക്കോടതിയിൽ നിന്ന് സ്റ്റേ വാങ്ങിയിരിക്കുകയാണ്. ആയതിനാൽ ഭൂമി തിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. |
| സി) ഗ്വാളിയർ റയോൺസ് പ്രവർത്തിച്ചിരുന്ന ഭൂമിയിൽ പുതിയ വ്യവസായ സംരംഭങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; എന്തെല്ലാം നിർദ്ദേശങ്ങളാണ് ഇതിനകം ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;<br>ഡി) പ്രസ്തുത ഭൂമി പ്രയോജനപ്പെടുത്തികൊണ്ടുള്ള പുതിയ എന്തെങ്കിലും പദ്ധതിയെ കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | സി)യും ഡി)യും :-<br>ഗ്വാളിയർ റയോൺസ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് കൂടുതൽ നിക്ഷേപ സാദ്ധ്യതയുള്ളതും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാമെന്ന് സർക്കാരുമായി നടന്ന ചർച്ചയിൽ കമ്പനി സമ്മതിച്ചിട്ടുണ്ട്.<br>ഗ്വാളിയർ റയോൺസുമായി കൂടിയാലോചിച്ച് കമ്പനിയുടെ ഭൂമി ഫലപ്രദമായി ഉപയോഗിക്കുന്നതിനും കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും |

ആവശ്യമായ ശുപാർശകൾ സമർപ്പിക്കുവാൻ ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

Haseen Kareem

സെക്ഷൻ ഓഫീസർ